**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5211** **21-03-2025 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലയിലെ സ്മാർട്ട് കൃഷിഭവനുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടയം ജില്ലയിലെ ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കോട്ടയം ജില്ലയിലെ ടി.വി.പുരം, നീണ്ടൂർ, തൃക്കൊടിത്താനം, ചിറക്കടവ്, വിജയപുരം എന്നീ കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനുകളാക്കാൻ വേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ നീണ്ടൂർ കൃഷി ഭവൻ സ്മാർട്ട് കൃഷി ഭവനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവനാക്കിയിട്ടുള്ളതെന്നും സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിന് കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുള്ള കൃഷിഭവനുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ? | (ബി) | ചങ്ങനാശ്ശേരി മണ്ഡലത്തിലെ തൃക്കൊടിത്താനം കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശുപാർശ ചെയ്തിട്ടുള്ളത്. പ്രസ്തുത കൃഷി ഭവൻ സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ